# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3557

15/07/2015-ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാര പരിശോധനയും സർട്ടിഫിക്കറ്റും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് ഏതെല്ലാം പരിശോധനാകേന്ദ്രങ്ങൾ എന്നും അവയിൽ ഏതെല്ലാം സർക്കാർ ലാബുകൾ പൂർണ്ണപരിശോധനയ്ക്ക് വിധേയമാക്കാത്ത മരുന്നുകൾക്ക് ലാബ് ക്ലീൻ സർട്ടിഫിക്കറ്റ് നൽകി എന്നും വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നത് സർക്കാർ ലാബോറട്ടറികളായ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയും എറണാകുളത്തെ റീജീണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലുമാണ്. തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലാണ് പൂർണ്ണ പരിശോധന നടത്താതെ സർട്ടിഫി ക്കറ്റ് നൽകിയത്. |
| ബി) ഹൃദ്രോഗികളും കൊളസ്ട്രോൾ ബാധിതരും കഴിക്കുന്ന ഏതെല്ലാം കമ്പനികളുടെ ഏതെല്ലാം മരുന്നുകൾക്ക് ഡിസൊല്യൂഷൻ ടെസ്റ്റ് നടത്താതെ ലാബ് ക്ലീൻ സർട്ടിഫിക്കറ്റ് നല്കി എന്ന് വ്യക്തമാക്കുമോ ; | ബി) പതിനഞ്ചോളം മരുന്നുകൾ ഡിസൊല്യൂഷൻ ടെസ്റ്റ് ചെയ്യാതെ സർട്ടിഫി ക്കറ്റ് നൽകി എന്നാ ണ് അറിയുന്നത്. പ്രസ്തുത മരുന്നുകളിൽ ഹൃദ്രോഗത്തിനും കൊളസ്ട്രോളിനുമുള്ള മരുന്നായ അട്രോവസ്റ്ററ്റിൻ, ലോസ്സാർട്ടൻ, പൊട്ടാസ്യം, ഡിജോക്സിൻ എന്നിവ ഉൾപ്പെടുന്നു. |
| സി) ഡിസൊല്യൂഷൻ പരിശോധനാഫലം രേഖപ്പെടുത്താത്ത സർക്കാർ സർട്ടിഫിക്കറ്റ് ഇത്തരം മരുന്നുകൾക്കു നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാം ; | സി) പരിശോധനാ റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തുന്നത് ഗവൺമെന്റ് അനലിസ്റ്റാണ്. ടി ടെസ്റ്റ് റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥൻ ഗവൺമെന്റ് അനലിസ്റ്റായ ശ്രീ.ഒ.കെ.പ്രേമാനന്ദൻ ആണ്. |

ഡി) പ്രസ്തുത കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

ഡി) ടി ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

ഇ) സംസ്ഥാനത്തു വിപണനം നടത്തുന്ന എല്ലാ മരുന്നുകൾക്കും ഗുണനിലവാര പരിശോധനയും ഗുണനിലവാര സർട്ടിഫിക്കറ്റും നിർബന്ധമാക്കാൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

ഇ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിൽ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയും അടുത്ത കാലത്തായി എറണാകുളത്ത് പ്രവർത്തനമാരംഭിച്ച റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ളത്. കോഴിക്കോട്, തൃശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായുള്ള പ്രാഥമിക നടപടികൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

നിലവിൽ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ പ്രതിവർഷം 4500 മരുന്നു സാമ്പിളുകളും, എറണാകുളം റീജിണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ 2000 മരുന്നു സാമ്പിളുകളും പ രിശോധിയ്ക്കുന്നതിനുള്ള സൗകര്യമാണ് ഉള്ളത്. ഇത് വിപണിയിൽ വിറ്റഴിക്കുന്ന മരുന്നു സാമ്പിളുകളുടെ 2.5 % മാത്രമാണ്. കോഴിക്കോട്, തൃശൂർ, കോന്നി എന്നിവിടങ്ങളിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികൾ പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതോടുകൂടി വിതരണം ചെയ്യുന്ന ആകെ ബാച്ചുകളുടെ 10 % ശതമാനം സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്താൻ സാധിക്കും. എല്ലാ ഔഷധ പരിശോധനാ ലാബോറട്ടറികളും പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തെ ഔഷധ പ രിശോധനാ സമ്പ്രദായം പര്യാപ്തമാകുന്നതാണ്. കൂടാതെ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രിക

ളിൽ വിതരണത്തിനായി എത്തിക്കുന്ന എല്ലാ മരുന്നുകളുടെയും നിർമ്മാതാക്കളിൽ നിന്നും പ്രസ്തുത മരുന്നുകളുടെ ഒരോ ബാച്ചും എൻ. എ.ബി.എൽ അക്രഡിറ്റേഷനുള്ള ലബോറട്ടറിക ളിൽ പരിശോധിച്ച് വിതരണം ചെയ്യാമെ ന്നുള്ള നിർമ്മാതാക്കളുടെ സാക്ഷ്യപത്രം ഹാജ രാക്കണമെന്ന് ടെൻഡർ വ്യവസ്ഥകളിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സാക്ഷ്യപത്രം സാങ്കേതിക ഉപദേശക സമിതി പ രിശോധിച്ച് ബോദ്ധ്യമായതിനു ശേഷം പ്രസ്തുത മരുന്നുകൾ വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുക്കുന്നതിലേയ്ക്കായി തീരുമാനിക്ക പ്പടുന്നത്.

(signature)

**സെക്ഷൻ ഓഫീസർ**